

# തങ്കകിരീടം



ബിജോയ് ശാമുവേൽ അബുദാബി



കഷ്ടതയിലെന്നെ കരുതുന്നവൻ
കുരിശിലേറിയെൻ കടങ്ങളുമായി
തിരുരക്തത്താൽ മോചനവും നൽകി
തിരുസന്നിധിയിൽ ചേർത്തിടുന്നു.

കഷ്ടതകളെ സഹിച്ചീടുവാൻ
കർത്തൻ തൻ കുരിശിനെ നോക്കി
സന്തോഷിച്ചീടാം തങ്കകിരീടത്തിൽ
കർത്തൻ തന്നെ അണിയിച്ചീടും

അന്തരംഗത്തിൽ പണിഞ്ഞീടാം സ്വർഗ്ഗം
കഷ്ടതകളെ സഹിച്ചീടുകിൽ
കഷ്ടങ്ങൾ സഹിച്ചീടാം കർത്തൻ കൂടെ
കൂടെവാഴാം കർത്തൻ വരവിങ്കൽ

നാഥൻ മൊഴികളിൽ ജീവൻ നൽകി
നന്മകളാലെന്നും തിരുസന്നിധിയിൽ
കഷ്ടതകളെ സിദ്ധികളാക്കി
ദൈവത്തിലെന്നും പ്രത്യാശവീര്യത്താൽ

തള്ളരുതേ ദൈവത്തിൻ കഷ്ടതകൾ
കൊള്ളരുതേ വേണ്ടകഷ്ടതകൾ
ഉറപ്പിക്കണമേ വിശ്വാസപാറയിൽ
ഉന്നതനെയെന്നും വാഴ്ത്തിപാടാൻ

bhmpics